കേരള സർക്കാർ

നമ്പർ. 33807/ആർ.ഡി.3/2010/ത.സ്വ.ഭ.വ. തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്

തിരുവനന്തപുരം,തീയതി 01/02/2011

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് – ദേശീയ പ്രാധാന്യമുള്ള കേന്ദ്രീകൃത സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണം – നിരോധിത മേഖലകളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം – മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1958–ലെ പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് ഇന്ത്യൻ പ്രസിഡന്റിന്റെ അംഗീകാരത്തോടെ പാർലമെന്റ് ഈയിടെ ഭേദഗതി ചെയ്യുകയുണ്ടായി. കേന്ദ്ര സംരക്ഷിത സ്മാരകങ്ങൾക്കും സങ്കേതങ്ങൾക്കും ചുറ്റുമുള്ള നിരോധിത മേഖലയ്ക്കുള്ളിൽ ഒരു നിർമ്മാണ പ്രവർത്തനങ്ങളും (പൊതു പ്രൊജക്ടുകൾ ഉൾപ്പെടെ) നടത്തുന്നില്ലെന്ന് ഉറപ്പു വരുത്തുന്നതിനായി, ഭാരത സർക്കാർ ഈ ഭേദഗതിയിലൂടെ ശക്തമായ ഒരു തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട്1958–ന്റെ ഭേദഗതിയിലൂടെ വരുത്തിയ പ്രധാന മാറ്റങ്ങൾ താഴെ ചേർക്കുന്നു.

1. കേന്ദ്ര സംരക്ഷിത സ്മാരകങ്ങൾക്കും സങ്കേതങ്ങൾക്കും ചുറ്റും കുറഞ്ഞത് 100 മീറ്റർ ചുറ്റളവിൽ നിരോധിത മേഖല ആക്കി.
2. നിരോധിത മേഖലയുടെ 200 മീറ്റർ എങ്കിലും അപ്പുറത്തേക്ക് നിയന്ത്രിത മേഖല ആയിരിക്കും.
3. അവിടെ നടക്കുന്ന അറ്റകുറ്റപണി/പുതുക്കൽ/നിർമ്മാണം/പുനർ നിർമ്മാണം എന്നിവ നിയന്ത്രിക്കുന്നതിലേയ്ക്കായി പൈതൃക നിയമം തയ്യാറാക്കൽ.
4. ഓരോ സ്മാരകത്തിനും പ്രത്യേക ഉപനിയമങ്ങൾ രൂപീകരിക്കുന്നതുവരെ സംരക്ഷിത സ്മാരകങ്ങളുടെ നിയന്ത്രിത പ്രദേശത്തെ നിർമ്മാണ പ്രവർത്തനങ്ങൾ മരവിപ്പിക്കൽ.
5. വിശദമായ സർവേകളുടെ അടിസ്ഥാനത്തിലും INTACH (Indian National Trust for Arts and Cultural Heritage), മറ്റു വിദഗ്ദസമിതികൾ എന്നിവരോട് കൂടിയാലോചിച്ചും കരട് പൈതൃക ഉപനിയമങ്ങൾ തയ്യാറാക്കുന്നതിന് കോമ്പീറ്റന്റ് അതോറിറ്റിയെ അധികാരപ്പെടുത്തൽ.

കേരളത്തിൽ ദേശീയ പ്രാധാന്യമുള്ള 27 കേന്ദ്രീകൃത സംരക്ഷിത സ്മാരകങ്ങളുണ്ട്. അവയുടെ പട്ടിക അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു.

ഈ സ്മാരകങ്ങളുടെയും സങ്കേതങ്ങളുടെയും നിരോധിത/ നിയന്ത്രിത മേഖലകൾ അതിർത്തി നിർണ്ണയിച്ച് വിജ്ഞാപനം ചെയ്യുന്നതിന് ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ തൃശൂർ സർക്കിൾ നടപടി ആരംഭിച്ചിട്ടുണ്ട്. ദേശീയ സ്മാരക അതോറിറ്റി ഓരോ സ്മാരകത്തിനും പ്രത്യേക പൈതൃക ഉപനിയമം അംഗീകരിക്കുന്നതുവരെ ടി നിരോധിത/നിയന്ത്രിത മേഖലയ്ക്കുള്ളിൽ നിർമ്മാണ/പുനർ നിർമ്മാണ/അറ്റുകുറ്റപ്പണികൾക്ക് അനുമതി നൽകാവുന്നതല്ല. പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് 1958-ന്റെ ഭേദഗതി നിയമത്തിന്റെ സെക്ഷൻ 30 (എ) പ്രകാരം നിരോധിത മേഖലയിൽ ആരെങ്കിലും ഏതെങ്കിലും നിർമ്മാണ പ്രവർത്തനം നടത്തിയാൽ 2 വർഷം വരെ തടവോ ഒരു ലക്ഷം രൂപാവരെ പിഴയോ രണ്ടും കൂടെയോ ചേർന്ന ശിക്ഷയ്ക്ക് അർഹരാണ്.

ആയതിനാൽ ദേശീയ സ്മാരക അതോറിറ്റി ഓരോ സംരക്ഷിത സ്മാരകത്തിനുമുള്ള പ്രത്യേക ഉപനിയമങ്ങൾ അംഗീകരിക്കുന്നതുവരെ നിരോധിത നിയന്ത്രിത മേഖലകളിൽ നിർമ്മാണ/പുനർനിർമ്മാണ/പുതുക്കിപ്പണി/അറ്റകുറ്റപ്പണി കൾക്കുള്ള അനുമതി നൽകാതിരിക്കുന്നതിന് അതാത് തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളിലെ സെക്രട്ടറിമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നമ്മുടെ സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിയുള്ള Archeological Survey of India -യുടെ പ്രയത്നങ്ങളിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ സഹകരിക്കേണ്ടതാണ്.

എസ്.എം.വിജയാനന്ദ്
അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
എല്ലാ റീജയണൽ ജോയിന്റ് ഡയറക്ടർമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ഡെപ്യൂട്ടി ഡയറക്ടർ (പഞ്ചായത്ത്)മാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത്ഡയറക്ടർ മുഖേന)
എല്ലാ കോർപ്പറേഷൻ നഗരസഭാ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ/ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന് (പത്ര മാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്)

പകർപ്പ്: അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്സ്
സെക്രട്ടറിയുടെ പി.എസ്സ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# List of centrally protected monuments in Kerala

| SL. No. | NAME OF MONUMENT/SITES | LOCALITY/PANCHAYAT/ MUNICIPALITY/CORPORATI ON | DISTRICT |
|---|---|---|---|
| 01 | ST.ANGELO FORT, KANNUR | KANNUR,KANNUR MUNICIPALITY | KANNUR |
| 02 | BEKAL FORT 16TH CENTURY A.D | PALLIKKARE, PALLIKKARE PANCHAYAT | KASARGOD |
| 03 | TELLICHERRY FORT 17TH CENTURY A.D | THELLICHERRY TELLICHERRY MUNICIPALITY | KANNUR |
| 04 | REMAINS OF FORT 16TH CENTRY A.D | THANGASSERY, THANGASSERY PANCHAYAT, KOLLAM TALUK | KOLLAM |
| 05 | FORT (YAKKARA DESAM) 16TH CENTRY A.D | PALAKKAD, PALAKKAD MUNICIPALITY | PALAKKAD |
| 06 | ANGENGO FORT 17TH-18TH CENTURY A.D | ANJENGO, ANJENGO PANCHAYAT | THIRUVANANT HAPURAM |
| 07 | SIVA TEMPLE AT NETRIMANGALAM | PATTAMBI, PATTAMBI PANCHAYAT | PALAKKAD |
| 08 | THE TEMPLES OF PARASURAMA,BRAHMA, SIVA AND MATSYA TOGETHER WITH ADJACENT LAND 13TH TO 16TH CENTURY A.D | THIRUVALLAM, THIRUVALLAM PANCHAYAT | THIRUVANANT HAPURAM |
| 09 | SIVA TEMPLE 17TH -18TH CENTURY A.D | CHEMMANTHITTA, CHOWANNUR PANCHAYAT | THRISSUR |
| 10 | 29 WOODEN BRAKET FIGURES ON THE OUTER WALL OF THE SRIKOIL OF THE VISHNU TEMPLE AND OTHER WORKS OF ART IN THE SAME SHRINE 13TH CENTURY A.D | KADAVALLUR, KADAVALOOR PANCHAYAT | THRISSUR |
| 11 | SIVA TEMPLE 12TH CENTURY A.D | PERUVANAM, CEHERPU CHERPU PANCHAYAT | THRISSUR |
| 12 | MURAL PAINTINGS ON THE WALL OF SRIKOIL OF THE PALLIMANAH SIVA TEMPLE 18TH CENTURY A.D | PALLIMANAH, WADAKKANCHERRY, WADAKKANCHERRY PANCHAYAT | THRISSUR |

| | | | |
|---|---|---|---|
| 13 | MURAL PAINTINGS (16TH-17TH CENTURY A.D) ON THE WALLS OF THE SIVA TEMPLE 10TH-11TH CENTURY A.D | THIRUVANCHIKULAM, METHALA PANCHAYAT | THRISSUR |
| 14 | MURAL PAINTINGS (16TH-17TH CENTURY A.D) ON THE WALLS OF KAILASANATH (VADAKKUNNATH) TEMPLE 10TH CENTURY A.D | THRISSUR, THRISSUR CORPORATION | THRISSUR |
| 15 | MURAL PAINTINGS ON THE WALLS OF SRI RAMA TEMPLE 12TH CENTURY A.D | TRIPRAYAR, NATIKA PANCHAYAT | THRISSUR |
| 16 | JAIN TEMPLE 14TH CENTURY A.D | KIDANGANAD, SULTAN BATHERYM SULTANBATHERY PANCHAYAT | WAYANAD |
| 17 | ST.FRANCIS CHURCH 16TH CENTURY A.D | KOCHI, KOCHI CORPORATION | ERNAKULAM |
| 18 | ROCK CUT CAVE C.A.D.700 | VIZHINJAM, VIZHINJAM PANCHAYAT | THIRUVANANTHAPURAM |
| 19 | UMBRELLA PREHISTORIC SITE C.500 BC-AD 500 | ARIYANNUR, KANDANASSERY PANCHAYAT,P.O.MATTAM | THRISSUR |
| 20 | KODAKKALLUPARAMBU C 500 BC-AD 500 | CHERMANGAD, KADANGOD PANCHAYAT, VELLARKKAD | THRISSUR |
| 21 | BURIAL CAVE (ANCIENT SITE) C 500 BC -AD 500 | CHOWANNUR, CHOWANNUR PANCHAYAT | THRISSUR |
| 22 | BURIAL CAVE (ANCIENT SITE) C 500 BC -AD 500 | EYYAL, KADANGOD PANCHAYAT | THRISSUR |
| 23 | BURIAL CAVE (ANCIENT SITE) C 500 BC -AD 500 | KATTAKAMBAL, KATTAKAMBAL PANCHAYAT | THRISSUR |
| 24 | BURIAL CAVE (ANCIENT SITE) C 500 BC -AD 500 | KAKKAD, KUNNAMKULAM MUNICIPALITY | THRISSUR |
| 25 | BURIAL CAVE (ANCIENT SITE) C 500 BC-AD 500 | KANDANASSERY, KANDANASSERY PANCHAYAT P.O.MATTAM | THRISSUR |
| 26 | MATTANCHERY PALACE C.AD 1555 | KOCHI, KOCHI CORPORATION | ERNAKULAM |
| 27 | SIVA TEMPLE | AVITTATHUR KADUPPASSERY, MUKUNDAPURAM TALUK | THRISSUR |